# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2025 — 05/10/2016-ൽ മറുപടിയ്ക്ക്

### ടെക്നോ പാർക്കിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ടെക്നോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ കയറ്റിറക്ക് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ടോ; ഇവ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; | (എ) ടെക്നോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ കയറ്റിറക്ക് ജോലി ചെയ്യുന്ന കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 75 തൊഴിലാളികൾക്ക് 6 എ തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. ഇവ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. |
| (ബി) ഈ മേഖലയിൽ പലപ്പോഴും കയറ്റിറക്ക കൂലിയെ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത്തരം തർക്കങ്ങൾ പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പ് യഥാസമയം ഇടപെടാറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) തൊഴിൽ തർക്കങ്ങളിൽ കഴിയുന്നതും വേഗം ഇടപെട്ട് പ്രശ്നം രമ്യമായി പരിഹരിക്കാറുണ്ട്. |
| (ഡി) ടെക്നോപാർക്കിൽ പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടെ യുണ്ടാകുന്ന ഇത്തരം തർക്കങ്ങൾ പല കമ്പനികളുടേയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നും പ്രവർത്തന കേന്ദ്രം സംസ്ഥാനത്ത് നിന്ന് മാറ്റുന്നതിന് പ്രേരിപ്പിക്കുന്നതാണെന്നുമുള്ള വസ്തുത ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കയറ്റിറക്ക് കൂലി സംബന്ധിച്ച തർക്കം കമ്പനികളുടെ പ്രവർത്തനത്തെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രശ്നങ്ങൾ ഉണ്ടായാൽ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ